പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

Part 3

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5500 28.07.2015 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷനെ ഏത് രീതിയിലാണ് പരിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സുഗമമായും കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷനെ 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ആയതിന്റെ മെമ്മോറാണ്ടം ഓഫ് അസ്സോസ്സിയേഷൻ, ബൈലോ, റൂൾസ് & റെഗുലേഷൻസ് എന്നിവ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതുവരെ എത്ര സോഫ്റ്റ് വെയറുകൾ ആണ് നിർമ്മിച്ചിരിക്കുന്നത്; ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന സോഫ്റ്റ് വെയർ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇവ എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്താമോ? | ബി) ഇൻഫർമേഷൻ കേരള മിഷൻ 15 സോഫ്റ്റ് വെയറുകളാണ് നിർമ്മിച്ചിരിക്കുന്നത്. **സകർമ്മ** ആപ്ലിക്കേഷന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സംവിധാനമായ **സുഗമ,** സാമൂഹിക സാമ്പത്തിക വിവരങ്ങൾ ഉൾക്കൊള്ളുന്ന വിവരവ്യൂഹം കൈകാര്യം ചെയ്യുന്നതിനുള്ള **സാമൂഹ്യ** എന്നിവയുടെ നിർമ്മാണ പ്രക്രിയയും Stand Alone സോഫ്റ്റ് വെയറുകൾ വെബ് അധിഷ്ഠിതമാക്കുന്ന പ്രക്രിയയും നടന്നു കൊണ്ടിരിക്കുന്നു. Software Upgradation പ്രവർത്തി കാലോചിതമായി ചെയ്യേണ്ടതിനാൽ ഇവ പൂർത്തിയാകുന്ന കാലാവധി നിജപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

ജോസ്ഥലം

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷനെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (കൈ) നം. 343/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 22.12.2012

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷനെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ, 1955 ലെ 12-ാം ആക്ട് ആയ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്. സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (19.12.2012 ലെ ഇനം നം. 2810 പ്രകാരം)
ധനകാര്യ വകുപ്പ്
വിവരസാങ്കേതിക വിദ്യാ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Local Self Government Department – Memorandum of Association, Bye-laws, Rules & Regulations of Information Kerala Mission - Approved – Orders issued.

Local Self Government (IB) Department

G.O.(Ms) No. 15/2014/LSGD Dated, Thiruvananthapuram 20.01.2014.

Read :- G O(Ms) No. 343/2012/LSGD dated 22.12.2012.

**ORDER**

Information Kerala Mission is a Mission Mode Project established in 1999 to carry out the e-governance activities of the Local Governments in Kerala. As per the Government order read above, sanction was accorded to register Information Kerala Mission as an autonomous body under the Local Self Government Department, as per the Travancore – Cochin Literary, Scientific and Charitable Societies Registration Act, 1955, for implementing the e-governance activities of the Local bodies in an effective and efficient manner. Accordingly the 60th Executive committee of Information Kerala Mission have submitted the draft Memorandum of Association, Bye-laws, Rules & Regulations of Information Kerala Mission to Government for its approval.

2. Government have examined the proposal in detail and are pleased to approve the Memorandum of Association, Bye-laws, Rules & Regulations of Information Kerala Mission Society appended to this Government order.

3. The Executive Chairman & Director will take necessary steps to register Information Kerala Mission as society and intimate the details thereon to Government.

4. The assets and liabilities of the Institute includng the unutilised funds in the current year's budget will stand transferred to the Society from the date of its registration.

By Order of the Governor,

James Varghese
Principal Secretary to Government

To

The Director of Panchayats, Thiruvananthapuram
The Director of Urban Affairs, Thiruvananthapuram
The Commissioner for Rural Development, Thiruvananthapuram
The Executive Chairman & Director, Information Kerala Mission.
The General Administration (SC) Department (Vide item No4753 dated 15.01.2014)
The Finance Department (Vide U.O. No. 53214/Dev.1/13/Fin dated 11.10.2013)
The Law Department (Vide U.O. No. 25961/Convey 1/2013/law dated 30.11.2013)
The Information and Public Relations Department.
The Principal Accountant General (Audit ), Kerala, Thiruvananthapuram
The Accountant General (A&E ), Kerala, Thiruvananthapuram
SF/OC.

Forwarded / By Order

Section Officer